**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 511** **08-10-2024 - ൽ മറുപടിയ്ക്ക്**

**ധനവകുപ്പ് ജീവനക്കാർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി ധനവകുപ്പിന് കീഴിൽ പ്രത്യേക പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ധനകാര്യ വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി ധനവകുപ്പിന് കീഴിൽ സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (CTFM) എന്ന പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ധനവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിങ് നൽകുന്നുണ്ടോ എന്നും ഏറ്റവും അവസാനമായി പരിശീലനം നൽകിയത് എപ്പോഴാണ് എന്നും അറിയിക്കാമോ; | (ബി) | ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിങ് നൽകുന്നുണ്ട്. അവസാനമായി 07-11-2022 ൽ 33 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ ധനവകുപ്പിലെ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിങ് നൽകാനുണ്ട് എന്ന് അറിയിക്കാമോ; | (സി) | മുൻപുള്ള ട്രെയിനിംഗിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവരും പുതിയതായി ജോലിയിൽ പ്രവേശിച്ചവരുമായ അസിസ്റ്റന്റ് തസ്തികയിലുള്ള 52 ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിങ് നൽകാനുണ്ട്. |
| (ഡി) | ഭരണപരിഷ്കാര കമ്മീഷനും പതിനൊന്നാം ശമ്പള കമ്മീഷനും ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിങ് നൽകണം എന്ന ശിപാർശ സർക്കാരിന് നൽകിയിട്ടും സർക്കാരിന്റെ സാമ്പത്തിക, നയപരമായ വിഷയങ്ങളിൽ നേരിട്ട് പങ്കാളിത്തം വഹിക്കുന്ന ധനവകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | ഭരണപരിഷ്കാര കമ്മീഷനും പതിനൊന്നാം ശമ്പള കമ്മീഷനും ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിങ് നൽകണം എന്ന ശിപാർശ നൽകിയത് പ്രകാരം ഇൻഡക്ഷൻ ട്രെയിനിങ്ങിന് അർഹതയുള്ള ധനവകുപ്പിലെ എല്ലാ ജീവനക്കാർക്കും സമയബന്ധിതമായി പരിശീലനം നൽകി വരുന്നു. |
| (ഇ) | ഇതുവരെയും ഇൻഡക്ഷൻ പരിശീലനം ലഭിച്ചിട്ടില്ലാത്ത മുഴുവൻ ജീവനക്കാർക്കും അടിയന്തരമായി പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഇ) | ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഇതുവരെ ഇൻഡക്ഷൻ പരിശീലനം ലഭിച്ചിട്ടില്ലാത്ത മുഴുവൻ ജീവനക്കാർക്കുമുള്ള പരിശീലനം 2024 ഒക്ടോബർ - നവംബർ മാസങ്ങളിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ